നായയുടെ സ്നേഹം

■ ടോബിൻ കുമരകം

അന്ന് പതിവുപോലെ മാർക്കറ്റിൽ നിന്ന് മീൻവാങ്ങി കൂട്ടുകാരുമൊത്ത് വീട്ടിലേക്ക് നടക്കുകയായിരുന്നു ഗോപൻ. മീനിന്റെ മണം കേട്ടിട്ടാണെന്ന് തോന്നുന്നു. ഒരു തെരുവുനായ അവന്റെ പിന്നാലെ ഓടിവന്നു. അത് ഗോപന്റെ പിറകേ നടന്ന് മീനിൽ നോക്കി കുരയ്ക്കാൻ തുടങ്ങി. അവൻ അതിൽ നിന്ന് ഒരു ചെറിയ കഷണം മീനെടുത്ത് അതിനിട്ടു കൊടുത്തു.

പിന്നീട് മീനുമായി ഗോപൻ വരുന്ന ദിവസങ്ങളിലെല്ലാം ആ തെരുവുനായ അവന്റെ പിറകേ കൂടി. അപ്പോഴെല്ലാം തന്നെ ഒരു ചെറിയ കഷണം മീൻ ഗോപൻ അതിനു കൊടുക്കുമായിരുന്നു.

''കാശ് കൊടുത്ത് മേടിക്കുന്ന മീനല്ലേ, നീ എന്തിനാണ് അതിന് വെറുതെ കൊടുക്കുന്നത്?'' കൂട്ടുകാർ അവനെ ഉപദേശിക്കാറുണ്ടായിരുന്നു. എങ്കിലും അവർ പറയുന്നതിന് ചെവികൊടുക്കാതെ അവൻ ഓരോ കഷണം മീൻ അതിനു കൊടുത്തുകൊണ്ടിരുന്നു.

മാസങ്ങൾ കടന്നുപോയി അന്നൊരുദിവസം ബാങ്കിൽ നിന്ന് ഒരു അത്യാവശ്യത്തിന് കുറച്ചധികം പണം കൂടുതലെടുത്ത് തനിയെ വീട്ടിലേക്ക് നടന്നുവരികയായിരുന്നു ഗോപൻ. അവൻ ബാങ്കിൽ നിന്ന് പണവുമായി ഇറങ്ങുന്നത് ചില സാമൂഹ്യദ്രോഹികൾ കണ്ടിരുന്നു. വിജനമായ ഒരു സ്ഥലത്തുവെച്ച് അവർ അവനെ ഉപദ്രവിച്ച് പണം തട്ടിയെടുക്കാൻ ശ്രമിച്ചു.

അവൻ ഉറക്കെ നിലവിളിച്ചു. ആരും സഹായത്തിനെത്തിയില്ല. പക്ഷേ അപ്പോഴാണ്, എവിടെ നിന്നാണെന്ന് അറിയില്ല ആ തെരുവുനായ അവരുടെമേൽ ചാടിവീണു. നായയുടെ മാന്തലും കടിയുമേറ്റപ്പോൾ അവർ ഓടി രക്ഷപ്പെട്ടു. എന്നിട്ട് ആ നായ ഗോപനെ ദയനീയമായി നോക്കിയശേഷം അവന്റെ അടുത്തേക്ക് ഓടിയെത്തി. ഗോപൻ അതിനെ തലോടി. വീണ്ടും ഗോപനൊപ്പം അത് നടന്നുനീങ്ങി.

ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം എന്നായിരുന്നു– 1920 ആഗസ്റ്റ് 18